6066
19/9/13

കേരള സർക്കാർ

നം. 25596/ജി2/2013/വ്യവ

വ്യവസായ(ജി)വകുപ്പ്
തിരുവനന്തപുരം
തീയതി: 09.09.2013.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- വ്യവസായ വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (2011-14) യുടെ 20.01.2013ലെ എഫ്.ഐ.റ്റി. സന്ദർശനം - നിർദ്ദേശങ്ങളിന്മേൽ നടപടി - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 01.08.2013ലെ 11079/പി.യു.സി.എ 2/2013/ലെജി നം.കത്ത്.

-----------

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 23.01.2013ൽ ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് സന്ദർശിച്ചതിനെ തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (2011-14) നൽകിയ നിർദ്ദേശങ്ങൾ, ശുപാർശകൾ എന്നിവയിൽ, തങ്ങളുടെ വകുപ്പിനെ സംബന്ധിച്ചവയിന്മേൽ, നടപടി സ്വീകരിച്ച് താങ്കൾക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചനയിലെ കത്തിന്റെ പകർപ്പ് താഴെ പരാമർശിച്ചിരിക്കുന്ന വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| വനം വന്യജീവി വകുപ്പ് | - | ഇനം നം.1 |
| നികുതി വകുപ്പ് | - | ഇനം നം.2 |
| പൊതു വിദ്യാഭ്യാസ വകുപ്പ് | - | ഇനം നം.3 |
| റവന്യൂ വകുപ്പ് | - | ഇനം നം.6 |
| സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് | - | ഇനം നം.9 |
| ധനകാര്യവകുപ്പ്<br>വിവര പൊതുജനസമ്പർക്ക വകുപ്പ് } | - | ഇനം നം.10 |

-----2

ഇനം നം. 4, 5, 7, 8, 10, 11, 12, 13, 14 എന്നിവയിലെ ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ പ്രസ്തുത ഇനങ്ങളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് താങ്കൾക്ക് ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ,

മിനിമോൾ വി.ജി.,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

| | | |
|---|---|---|
| പകർപ്പ് - വനം വന്യജീവി വകുപ്പ് | - ഇനം നം.1 | സൂചനയിലെ കത്തിന്റെ പകർപ്പ് മേൽപ്രസ്താവിച്ചപ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ സംബന്ധിച്ച് പൊതുമേഖല സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (2011-14) നൽകിയ ശുപാർശകൾ/ നിർദ്ദേശങ്ങൾ എന്നിവയിൽ നടപടി സ്വീകരിച്ച് നിയമസഭാസെക്രട്ടറിക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു. |
| നികുതി വകുപ്പ് | - ഇനം നം.2 | |
| പൊതു വിദ്യാഭ്യാസ വകുപ്പ് | - ഇനം നം.3 | |
| റവന്യൂ വകുപ്പ് | - ഇനം നം.6 | |
| സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് | - ഇനം നം.9 | |
| ധനകാര്യവകുപ്പ് / വിവര പൊതുജനസമ്പർക്ക വകുപ്പ് | - ഇനം നം.10 | |

മാനേജിംഗ് ഡയറക്ടർ
ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്
തൈക്കാട്ടുക്കര പി.ഒ.,
ആലുവ, എറണാകുളം 683 106.
— സൂചനയിലെ കത്തിന്റെ പകർപ്പ് സഹിതം ഇനം നം. 4, 5, 7, 8, 10, 11, 12, 13, 14 എന്നിവയിലെ ശുപാർകളിന്മേൽ തുടർനടപടി സ്വീകരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

ടെലിഫോൺ നമ്പർ - 2512524
പോസ്റ്റ് ബോക്സ് നമ്പർ - 5430
ഫാക്സ് - 0471-2305891
പിൻകോഡ് - 695 033

ടെലിഗ്രാം—നിയമസഭ
E-mail: secretary@niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 11079/പി.യു.സി.എ 2/2013/ലെജി. തിരുവനന്തപുരം, 01.08.2013.

INDUSTRIES (O.S.) DEPARTMENT
17 AUG 2013
25596
Govt. Secretariat, Thiruvananthapuram

സെക്രട്ടറി.

സെക്രട്ടറി,
വ്യവസായ വകുപ്പ്.

സർ,

വിഷയം:- കേരള നിയമസഭ - പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2011-14) - 23.01.2013 ലെ ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് സന്ദർശനവുമായി ബന്ധപ്പെട്ട സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും അയയ്ക്കുന്നതു സംബന്ധിച്ച്.

സൂചന:- ഈ സെക്രട്ടേറിയറ്റിലെ 15.01.2013 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 23.01.2013 ലെ ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് സന്ദർശനവുമായി ബന്ധപ്പെട്ട സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും താഴെപ്പറയുന്നു.

1. വനം വകുപ്പിന്റെ കീഴിലുള്ള ഡിപ്പോകളിൽ തടി ലേലം ചെയ്യുമ്പോൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് മുൻഗണന നൽകണമെന്നും ലേലത്തിന് ശേഷമുള്ള നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള സത്വര നടപടികൾ വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.
2. കമ്പനി ഉൽപ്പന്നങ്ങൾക്ക് നികുതിയിളവ് അനുവദിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
3. സർക്കാർ സ്കൂളുകളിലെ ഫർണിച്ചറിന്റെ നിർമ്മാണ ചുമതല കമ്പനിയെ ഏൽപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്നും ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.
4. കമ്പനിയിലെ ജീവനക്കാരുടെ വേതനത്തിൽ 50 % വർദ്ധനവ് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. കമ്പനിയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
6. ജില്ലാ കളക്ടർ അനുകൂല റിപ്പോർട്ട് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ലീസിന് നൽകിയിരിക്കുന്ന ഭൂമി കമ്പനിയുടെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
7. ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യാനുദ്ദേശിക്കുന്ന 100 കോടി രൂപയുടെ സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കണമെന്നും അതിൽ പെരിയാറിന്റെ തീരത്തായി ഒരു പരിസ്ഥിതി സൗഹാർദ്ദ കെട്ടിടവും വ്യാപാര സമുച്ചയവും ഫർണിച്ചർ ഷോറൂമും ഉൾപ്പെടുത്തണമെന്നും ആയത് സമർപ്പിക്കുമ്പോൾ ലീസിന് നൽകിയിരിക്കുന്ന ഭൂമി കമ്പനിക്ക് സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അധികാരം ലഭ്യമാക്കാനുള്ള നിർദ്ദേശം കൂടി നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.
8. ഉത്തര കേളത്തിലും ദക്ഷിണ കേരളത്തിലും കമ്പനിയുടെ ഷോറൂം, റീജിയണൽ ഓഫീസ് എന്നിവ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
9. സർക്കാർ ഓഫീസുകളിൽ ആവശ്യമായ ഫർണിച്ചറുകൾക്കുള്ള ഓർഡർ നിർബന്ധമായും ഈ കമ്പനിക്ക് നൽകാനുള്ള നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട് സമിതി ശുപാർശ ചെയ്യുന്നു.
10. 20.03.2012 ലെ ജി.ഒ (പി) നമ്പർ 169/12/ഫിൻ ഉത്തരവുപ്രകാരം സിവിൽ ജോലികൾ ഏറ്റെടുത്ത് ചെയ്യാനുള്ള അനുമതി കമ്പനിക്ക് ലഭിച്ചിട്ടുണ്ടെന്ന വിവരം ജനപ്രതിനിധികളേയും വിവിധ വകുപ്പുകളേയും അറിയിക്കണമെന്നും എം.പി, എം.എൽ.എ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ കമ്പനിക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.
11. കമ്പനി ഏറ്റെടുക്കുന്ന സിവിൽ ജോലികൾ ക്രമീകരിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക വിഭാഗം കമ്പനിയിൽ സജ്ജമാക്കണമെന്നും എം.എൽ.എ മാർക്ക് നൽകിയിട്ടുള്ള ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അവ ഏറ്റെടുക്കാനുള്ള ഊർജ്ജിതശ്രമം കമ്പനിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും

പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കമ്പനിയുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

12. നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ തടികൾ വാങ്ങുമ്പോൾ കേടുപാടുകൾ കണ്ടെത്തുന്നതിന് എക്സ്റേ, സ്കാനിംഗ് യന്ത്രങ്ങൾ ഉപയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. ടെണ്ടർ വിളിക്കുന്ന സമയത്ത് ആവശ്യമായ പരസ്യം നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. 2008-09 - ലെ അക്കൗണ്ടന്റ് ജനറൽ നൽകിയ പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന വീഴ്ചകൾ പരിഹരിച്ച് എത്രയും വേഗം നടപടി സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ടി ശുപാർശകൾക്ക് ഗവൺമെന്റ് സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ 35 പ്രതി ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ കൈയൊപ്പോടുകൂടിയത് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ലിമ ഫ്രാൻസിസ്,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.

sh